മെഡിക്കൽ കോളേജ്

*൩൪൫. (൪൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതുതായി ആരംഭിക്കുവാൻ പോകുന്ന മെഡിക്കൽ കോളേജിന്റെ പണി എത്രമാത്രം പുരോഗമിച്ചു; എത്ര സംഖ്യ നാളിതുവരെ ചിലവാക്കി; എന്നേക്ക പണി പൂർത്തിയാകുമെന്നാണുദ്ദേശിക്കുന്നതു?

(ബി) അടുത്ത സ്കൂൾ വർഷത്തിൽ പ്രസ്തുത കോളേജിൽ പഠനം ആരംഭിക്കുവാനിടയുണ്ടോ;

(സി) എത്ര കുട്ടികൾക്ക പ്രവേശനം അനുവദിക്കും; ഫീസ്സ് നിരക്ക് എന്തു;

(ഡി) ഈ കോളേജിലെ പ്രൊഫസർ ഉദ്യോഗത്തിനു വേണ്ട ഉപരിപഠനത്തിനായി ആരെയൊക്കെയാണു വിദേശങ്ങളിലേക്ക അയച്ചിരിക്കുന്നതു; എന്തു വ്യവസ്ഥയിലാണു ഇവരെ അയച്ചിരിക്കുന്നതു?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) കോളേജ് കെട്ടിടത്തിന്റെ പൂച്ചും വെള്ളയും ഒഴിച്ചുള്ള പണി മിക്കവാറും തീർന്നിരിക്കുന്നു. കോളേജിനും, നെഴ്സസ് സ്കൂളിനും ഹോസ്റ്റലിനും കൂടി ഈ വർഷാവസാനംവരെ ൫ ൫ ലക്ഷം രൂപ ചിലവാകുമെന്നു പ്രതീക്ഷിക്കുന്നു. കോളേജുപണി ഈ മാർച്ച് മാസാവസാനത്തിൽ പൂർത്തിയാകുമെന്നുദ്ദേശിക്കുന്നു.

(ബി) അടുത്ത കോളേജ് വർഷത്തിൽ പഠനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ൧൦ കുട്ടികൾക്ക്. ഫീസ്സ് നിരക്ക് തീരുമാനിച്ചിട്ടില്ല.

(ഡി) തൽക്കാലത്തേക്ക് പ്രൊഫസർമാരായി മറ്റു കോളേജുകളിൽനിന്നു പെൻഷൻ പറ്റുന്നവരെയാണു നിയമിക്കുന്നതു. ഉപരിപഠനത്തിനായി അയച്ചിട്ടുള്ളവർ പഠനം പൂർത്തിയാക്കി മടങ്ങി വന്നതിനുശേഷം ഈ പ്രൊഫസർമാരുടെ കീഴിൽ ജോലിചെയ്കയും യോഗ്യരെന്നു കണ്ടാൽ പിന്നീടു പ്രൊഫസർമാരായി ഉയർത്തപ്പെടുകയും ചെയ്യും. ഉപരിപഠനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ.— ൧. ഡോക്ടർ. സി. എം. ഫ്രാൻസിസ്സ്, ൨. ഡോക്ടർ കെ. രാമചന്ദ്രൻപണ്ടാല, ൩. ഡോക്ടർ എൻ. രാധാകൃഷ്ണൻ, ൪. ഡോക്ടർ എം. സുകുമാരൻ, ഡോക്ടർ ഫ്രാൻസിസിനും ഡോക്ടർ രാമചന്ദ്രൻ പണ്ടാലക്കും ൨-ാംക്ലാസ്സ് യാത്രച്ചിലവും വർഷംതോറും ഓരോരുത്തക്ക് ൪൦൦ പവൻവീതം രണ്ടു കൊല്ലത്തേക്ക് വേതനവും. ഡോക്ടർ രാധാകൃഷ്ണനും ഡോക്ടർ സുകുമാരനും, സർവ്വീസ്സിലിരുന്നവരായതുകൊണ്ട് ഇവിടെ സർവ്വീസ്സിൽ കിട്ടുന്ന ശമ്പളവും ൫ ൫ ൦ രൂപാവീതം പ്രതിമാസം രണ്ടു വർഷത്തേക്ക് വേതനവും രണ്ടാംക്ലാസ്സ് യാത്രച്ചിലവും.

DOCTORS

*352. [45] **Sri. Eapen Arakkal :** Will the hon'ble Minister for Finance and Revenue be pleased to state.—

(*a*) have the salary grades of Surgeons and Sub-Assistant Surgeons been lifted of late; if so what are the present scales of salary;

(*b*) have the Government succeeded in procuring the required number of doctors for service in the department in view of the recent enhancement of salary grades?

(*c*) how many doctors are scheduled to retire from service by the end of 1951;

LIBRARY ARCHIVES Kerala Legislative Assembly